"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സ്റ്റോർസ് പർച്ചേസ് വകുപ്പ് - 2024 വർഷത്തെ ശബരിമല മണ്ഡല മകരവിളക്ക് മഹോത്സവത്തിന്റെ ഭാഗമായി ഭാരതീയ ചികിൽസാ വകുപ്പിന്റെ 2 ലക്ഷം ഒ.പി ടിക്കറ്റുകൾ സൗജന്യമായി പ്രിന്റ് ചെയ്ത് നൽകുന്നതിന്- അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സ്റ്റോർസ് പർച്ചേസ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.137/2024/SPD    തീയതി,തിരുവനന്തപുരം, 02-12-2024

---

പരാമർശം:-
1. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 30/10/2024-ലെ ഡി.ഐ.എസ് .എം/3125/2024-സി1 നമ്പർ കത്ത്.
2. അച്ചടി വകുപ്പ് ഡയറക്ടറുടെ 19/11/2024-ലെ 9847/2024/എസ് & വി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2024 വർഷത്തെ ശബരിമല മണ്ഡല മകരവിളക്ക് മഹോത്സവത്തിന്റെ ഭാഗമായി സന്നിധാനം, പമ്പ, പന്തളം, പത്തനംതിട്ട ഇടത്താവളം എന്നി താത്കാലിക ഡിസ്പെൻസറികളിൽ രോഗികളായി എത്തുന്നവർക്ക് ഒ.പി ടിക്കറ്റ് സൗജന്യമായിട്ടാണ് നൽകുന്നതെന്നും ഒ പി ടിക്കറ്റുകൾ സൗജന്യമായി പ്രിന്റ് ചെയ്തു ലഭിച്ചാൽ ആ തുക കൂടി ഔഷധം വാങ്ങുന്നതിന് ഉപയോഗിക്കാം എന്നതുകൂടി പരിഗണിച്ച് 2 ലക്ഷം ഒ.പി ടിക്കറ്റുകൾ സൗജന്യമായി പ്രിന്റ് ചെയ്യുന്നതിനുള്ള അനുമതു ലഭ്യമാക്കണമെന്ന് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

2. സർക്കാർ മെഡിക്കൽ കോളേജുകളുടെയും ജില്ലാ ആശുപത്രികളുടെയും ഒ.പി. ടിക്കറ്റുകൾ, രജിസ്റ്ററുകൾ എന്നിവ പൂർണ്ണമായും സൗജന്യമായിട്ടാണ് അച്ചടിച്ചു നൽകുന്നതെന്നും ഇതിന്റെ പ്രയോജനം പൊതുജനങ്ങൾക്ക് സൗജന്യമായി ലഭിക്കുന്നത് കൊണ്ടാണ് ഇത്തരം അച്ചടിയ്ക്ക് കൂലി ഈടാക്കാതിരിക്കുന്നത് എന്നും ഈ സാഹചര്യത്തിൽ ഭാരതീയ ചികിൽസാവകപ്പിന്റെ ഒ.പി ടിക്കറ്റുകളും സമാന സ്വഭാവത്തിലുള്ളതാകയാൽ അവയുടെ അച്ചടിയും സൗജന്യമായി നിർവഹിക്കാവുന്നതാണെന്ന് അച്ചടിവകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. 2024 വർഷത്തെ ശബരിമല മണ്ഡല മകരവിളക്ക് മഹോത്സവത്തിന്റെ ഭാഗമായി സന്നിധാനം,പമ്പ,പന്തളം,പത്തനംതിട്ട ഇടത്താവളം എന്നീ താത്കാലിക ഡിസ്പെൻസറികളിൽ രോഗികളായി എത്തുന്നവർക്ക് ഒ പി ടിക്കറ്റ് സൗജന്യമായിട്ട് നൽകുന്നതിനായി ഭാരതീയ ചികിൽസാവകപ്പിന്റെ 2 ലക്ഷം ഒ.പി ടിക്കറ്റുകൾ സൗജന്യമായി പ്രിന്റ് ചെയ്ത് നൽകുന്നതിന് അച്ചടി വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

REMYA V
അണ്ടർ സെക്രട്ടറി

1. ഡയറക്ടർ, അച്ചടി വകുപ്പ്, തിരുവനന്തപുരം.
2. ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/II) ) കേരള, തിരുവനന്തപുരം.
5. ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ&പി.ആർ.ഡി.
6. ആയുഷ്(എ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Seetha K M
Date: 02-12-2024 16:59:47
സെക്ഷൻ ഓഫീസർ